പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1792 **26-10-2026-ൽ മറുപടിയ്ക്ക്**

കെ-ഡിസ്ക് മുഖേന നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീമതി ഉമ തോമസ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം

2. എമേർജിങ് ടെക്നോളോജിസ്

3. ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) പ്രൊജക്ട് / ഇ.വി. കൺസോർഷ്യം (Electric Vehicle Project / EV Consortium)

4. കേരള ഇലക്ട്രിക് വെഹിക്കിൾ ഇൻഡസ്ട്രിയൽ പാർക്ക് (കെ-ഇ.വി.ഐ.പി.) (Kerala Electric Vehicle Industrial Park - K-EVIP)

5. കേരള നോളജ് ഇക്കോണമി മിഷൻ

6. കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (KMTC)

7. കേരള ജീനോം ഡാറ്റ സെന്റർ (KGDC)

(ബി) പ്രസ്തുത പദ്ധതികൾ മുഖേന സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: കേരള നോളജ് ഇക്കോണമി മിഷൻ മുഖേന സംസ്ഥാനത്ത് ഇതുവരെ ആകെ 62,340 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയുടെ സഹകരണത്തോടെ തൊഴിൽ കേരളം (THOZHIL KERALAM) പദ്ധതി മുഖേനയും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട് . ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ നൽകിയിരിക്കുന്നു.

(സി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കും,സ്ത്രീകൾക്കും,ഭിന്നശേഷിക്കാർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി കെ-ഡിസ്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കും,സ്ത്രീകൾക്കും, ഭിന്നശേഷിക്കാർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി കെ-ഡിസ്ക് വിവിധ വകുപ്പുകളുടെ സഹകരണത്തിലൂടെ താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഉന്നതി - വിജ്ഞാനകേരളം പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ ഐടിഐ, പോളിടെക്നിക്ക്, ഡിപ്ലോമ പഠനം പൂർത്തിയാക്കിയവരുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനായി, എസ്.സി & എസ്.ടി വകുപ്പുകളുടെ ധനസഹായത്തോടെ നടപ്പിലാക്കിയ പ്രത്യേക നൈപുണ്യ-തൊഴിൽ പദ്ധതിയാണ് ഉന്നതി - വിജ്ഞാനകേരളം.

2. തൊഴിൽതീരം (THOZHIL THEERAM) ഫിഷറീസ് വകുപ്പും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി നടപ്പിലാക്കിയ "തൊഴിൽതീരം" പദ്ധതി, വിദ്യാസമ്പന്നരായ മത്സ്യത്തൊഴിലാളി യുവജനങ്ങളെ തൊഴിൽ മാർഗ്ഗനിർദ്ദേശം, തൊഴിൽദാതാക്കളുമായുള്ള ഇടപെടൽ, ചിട്ടയായ റിക്രൂട്ട്മെന്റ് ഡ്രൈവുകൾ എന്നിവയിലൂടെ ഔപചാരിക തൊഴിലവസരങ്ങളുമായി ബന്ധിപ്പിക്കാൻ ലക്ഷ്യമിട്ടു നടപ്പിലാക്കിയ പദ്ധതിയാണ്.

3. സമഗ്ര & സവിശേഷ ജോബ് ഫെയർ -- ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ സംരംഭം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങളും ഉറപ്പാക്കാൻ സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യസുരക്ഷാ മിഷൻ, വിവിധ സന്നദ്ധ സംഘടനകൾ (NGO) എന്നിവയുടെ പിന്തുണയോടെ നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് സമഗ്ര. കേരള സർക്കാരിന്റെ "വ്യത്യസ്തരുടെ കാർണിവൽ" (CARNIVAL OF THE DIFFERENT) പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രത്യേക പരിപാടിയാണ് സവിശേഷ ജോബ് ഫെയർ.

4. പ്രൈഡ് (PRIDE) - ട്രാൻസ്ജെൻഡർ വിഭാഗത്തിനായുള്ള തൊഴിൽപദ്ധതി ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് നൈപുണ്യ പരിശീലനത്തിലൂടെയും തൊഴിൽ ഇടപെടലുകളിലൂടെയും തൊഴിൽക്ഷമതയും തൊഴിൽമേഖലയിലെ ഉൾച്ചേർക്കലും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

5. തൊഴിലരങ്ങത്തേക്ക്- സ്ത്രീകൾക്കായുള്ള വിജ്ഞാനതൊഴിൽ പദ്ധതി കേരള നോളേജ് ഇക്കോണമി മിഷൻ സംസ്ഥാനത്തെ അഭ്യസ്ത വിദ്യരായ സ്ത്രീകൾക്കായി ആരംഭിച്ച പദ്ധതി.

6. സമന്വയം - ന്യൂനപക്ഷ വിഭാഗത്തിനായുള്ള പദ്ധതി ന്യൂനപക്ഷ വകുപ്പിന്റെയും ന്യൂനപക്ഷ കമ്മീഷന്റെയും പിന്തുണയോടെ സംസ്ഥാനവ്യാപകമായി ഉദ്യോഗാർത്ഥികളെ സമാഹരിച്ച് ന്യൂനപക്ഷ സമുദായങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയ പദ്ധതിയാണ് സമന്വയം.

7. ബാക്ക് ടു വർക്ക് (B2W) - കരിയർ ബ്രേക്ക് എടുത്ത സ്ത്രീകൾക്കായുള്ള പദ്ധതി കരിയർ ബ്രേക്ക് എടുത്ത സ്ത്രീകളെ തൊഴിൽമേഖലയിലേക്ക് തിരികെ എത്തിക്കുക, വ്യവസായ ആവശ്യങ്ങൾക്ക് അനുസൃതമായ റീസ്കില്ലിംഗും അപ്സ്കില്ലിംഗും നൽകുക, ആത്മവിശ്വാസവും തൊഴിൽക്ഷമതയും വർധിപ്പിക്കുക, ലിംഗസമത്വത്തോടെയുള്ള തൊഴിൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക, വിജ്ഞാനാധിഷ്ഠിതമായ തൊഴിലവസരങ്ങൾ ഒരുക്കുക എന്നതാണ് ബാക്ക് ടു വർക്ക് പദ്ധതിയുടെ ലക്ഷ്യം.

(ഡി) കെ-ഡിസ്ക് -ന്റെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സർക്കാർ അനുവദിച്ച തുക എത്രയാണ്; അതിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

മറുപടി: വിവരം അനുബന്ധം 2- ൽ ചേർത്തിരിക്കുന്നു.

ബജറ്റ് പ്രൊവിഷന് ഉപരിയായി ചെലവഴിച്ച തുക additional authorisation/reappropriation മുഖേന അനുവദിച്ചതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ക്രമ നമ്പർ	ജില്ല	DWMS (District Workforce Management Systemt)
1	ആലപ്പുഴ	4,946
2	എറണാകുളം	5,523
3	ഇടുക്കി	1,606
4	കണ്ണൂർ	5,402
5	കാസർഗോഡ്	2,114
6	കൊല്ലം	4,896
7	കോട്ടയം	2,429
8	കോഴിക്കോട്	4,287
9	മലപ്പുറം	5,168
10	പാലക്കാട്	6,980
11	പത്തനംതിട്ട	3,149
12	തിരുവനന്തപുരം	7,287
13	തൃശ്ശൂർ	5,529
14	വയനാട്	1,443
15	ജില്ല രേഖപ്പെടുത്താത്തത്	1,581
	ആകെ	**62,340**

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

Financial Year	Head of Account	Budget Provision (₹)	Expenditure (₹)
2021–22	3451-00-092-92-34-03	15,00,00,000	17,99,36,308
	3451-00-092-87-00	50,00,00,000	35,64,85,000
2022–23	3451-00-092-92-34-03	50,22,15,000	33,12,27,612
	3451-00-092-87-00	48,44,25,000	48,43,92,401
2023–24	3451-00-092-92-34-03	22,84,71,000	22,84,70,493
	3451-00-092-87-00	31,35,63,000	31,35,62,640
2024–25	3451-00-092-92-34-03	29,14,32,000	29,14,31,466
	3451-00-092-87-00	27,80,98,000	27,80,55,276
2025–26	3451-00-092-92-34-03	20,00,00,000	21,58,22,057
	3451-00-092-87-00	30,00,00,000	20,71,02,860
	3451-00-092-81-01	5,00,00,000	4,64,28,040
	3451-00-092-81-02	5,00,00,000	6,89,04,505

സെക്ഷൻ ഓഫീസർ